# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4053

### 12-11-2019 ൽ മറുപടിക്ക്

**കിഫ്ബിയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റും**

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് വഴി എന്തൊക്കെ സേവനങ്ങളാണ് കിഫ്ബിക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിൽ നിന്നും കിഫ്ബിക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.കിഫ്ബി പദ്ധതികളുടെ അവലോകനവും, അതിന്റെ ഭാഗമായി ഗൈഡ് ലൈനുകൾ, മാനുവലുകൾ (അഡ്മിനിസ്ട്രേറ്റീവ്, ഫിനാൻഷ്യൽ, ടെക്നിക്കൽ) തയ്യാറാക്കുക<br>2.പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക<br>3.ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് (BIM) പൈലറ്റ് ഘട്ടം നടപ്പാക്കൽ, കിഫ്ബിക്കു വേണ്ടി ഡ്രോൺ-ലിഡാർ സർവ്വെ, ഡിസൈൻ അപ്ഗ്രഡേഷൻ തുടങ്ങിയ സേവനങ്ങൾക്ക് ഏജൻസികളെ ടെൻഡർ പ്രക്രിയയിലൂടെ തെരെഞ്ഞെടുക്കൽ<br>4.ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (TRC) അടിസ്ഥാന സൗകര്യ വികസനവും മാനവ വിഭവ ശേഷിയും അനുബന്ധ പ്രവർത്തനങ്ങളും ക്രമീകരിക്കുക,<br>5.കരാർ നിയമനങ്ങൾ നടപ്പിലാക്കുക. |
| (ബി) എത്ര കരാർ നിയമനങ്ങളാണ് ഇതിനായി സി.എം.ഡി.നടത്തിയത്; വ്യക്തമാക്കുമോ; | കിഫ്ബിയിലും, കിഫ്ബിയിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്ററിലുമായി 65 കരാർ നിയമനങ്ങളാണ് സിഎം.ഡി മുഖേന നടത്തിയത്. ഇതു കൂടാതെ നാല് റിസോഴ്സ് പേഴ്സൺസിന്റെ |

| | |
|---|---|
| | സേവനം കൂടി സി.എം.ഡി വഴി കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം കിഫ്ബി പദ്ധതികളിൽ ആവശ്യാനുസരണം മാത്രമാണ് നൽകുന്നത്. |
| (സി) ഈയിനത്തിൽ പ്രതിമാസം എന്ത് തുകയാണ് കിഫ്ബി സി.എം.ഡി.ക്ക് നൽകുന്നത് എന്ന് അറിയിക്കുമോ? | കരാർ നിയമനങ്ങളിലുള്ളവരുടെ വേതനമായി പ്രതിമാസം 38.30 ലക്ഷം രൂപയാണ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**